# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 2743 18.06.2018 -ൽ മറുപടിക്ക്**

## എൻ.സി.ഇ.ആർ.ടി. നടത്തിയ ദേശീയ പഠന - നേട്ട സർവ്വേ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.കെ.രാജൻ** | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എൻ.സി.ഇ.ആർ.ടി നടത്തിയ ദേശീയ പഠന നേട്ട സർവ്വേയിൽ ദേശീയ ശരാശരിയേക്കാളും രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലെ ശരാശരിയേക്കാളും കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ പഠന നിലവാരം വളരെയേറെ മുന്നിലാണെന്ന സർവ്വെ ഫലം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ : | ബി) ഉണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സംസ്ഥാനത്തെ സ്കൂളുകൾക്ക് കഴിയുന്നുണ്ടെന്നാണ് ദേശീയതലത്തിൽ നടത്തിയ നാഷണൽ അച്ചീവ്മെന്റ് സർവ്വെ (നാസ് 2017) ഫലങ്ങൾ വെളിപ്പെടുത്തുന്നത്. എല്ലാ മേഖലകളിലും ദേശീയ ശരാശരിയേക്കാൾ മുന്നിലാണ് കേരളത്തിന്റെ സ്ഥാനം. എന്നാൽ സാമൂഹ്യശാസ്ത്ര പഠനത്തിൽ ഇനിയും മെച്ചപ്പെടുത്തൽ ആവശ്യമാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു. |
| സി) സംസ്ഥാനത്തെ 95% കുട്ടികളും സ്കൂളിൽ വരാൻ ഇഷ്ടപ്പെടുന്നുവെന്ന സർവ്വേഫലം വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ പ്രധാന കാരണങ്ങൾ വ്യക്തമാക്കുമോ; | സി) പ്രവേശനോത്സവത്തിൽ ആരംഭിക്കുന്ന അദ്ധ്യയനവർഷം കുട്ടികൾക്ക് വിദ്യാഭ്യാസം ആഹ്ലാദകരമാക്കി മാറ്റുന്നു. പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ വിദ്യാഭ്യാസമാണ് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നൽകുന്നത്. ഇതുമൂലം കുട്ടികൾ സ്കൂൾ പ്രവർത്തനങ്ങളിൽ കൂടുതൽ തല്പരരായിട്ടുണ്ട്. |
| ഡി) പ്രസ്തുത സർവ്വേയിലെ മറ്റ് കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ഡി) മാതൃഭാഷയിൽ ബഹുഭൂരിപക്ഷം കുട്ടികൾക്കും പഠനം നടത്താൻ കഴിയുന്നുവെന്നും പഠനത്തോടൊപ്പം വിനോദങ്ങളിൽ ഏർപ്പെടാൻ കഴിയുന്നുണ്ടെന്നും ആവശ്യമായ പഠന സാമഗ്രികൾ എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാകുന്നുവെന്ന നിരീക്ഷണവും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ